(ബി) സിനിമാ തിയേറ്ററുകളുടെ സാങ്കേതിക/അടിസ്ഥാന നിലവാരത്തിൽ അവയെ പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ എന്ന് ഇനം തിരിച്ച് ടിക്കറ്റ് നിരക്കുകൾ ഏകീകരിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ;

(സി) ഇത്തരത്തിൽ തിയേറ്ററുകളെ തരംതിരിച്ച് ടിക്കറ്റ് നിരക്ക് ഏകീകരിക്കുന്നതിനും അമിത നിരക്കുകൾ ഈടാക്കുന്നത് നിയന്ത്രിക്കുന്നതിനും നിലനിൽക്കുന്ന തടസ്സങ്ങൾ എന്തെല്ലാമെന്ന് അറിയിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ടിക്കറ്റ് നിരക്കുകൾ ഏകീകരിക്കുന്നത് സംബന്ധിച്ചുള്ള നടപടികൾ തദ്ദേശസ്വയം ഭരണ വകുപ്പ് മുഖേനയാണ് സ്വീകരിച്ചുവരുന്നത്. നിലവിൽ ടിക്കറ്റ് നിരക്ക് ഏകീകരണവുമായി ബന്ധപ്പെട്ട പ്രൊപ്പോസലുകൾ തദ്ദേശസ്വയം ഭരണ വകുപ്പിന്റെ പരിഗണനയിലില്ല.

(സി) ബാധകമല്ല.

കൊടക്കാട് ഫോക് ലോർ വില്ലേജ്

76 (1450) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തെയ്യം കലാകാരൻ നർത്തകരത്നം കണ്ണപെരുവണ്ണാന്റെ സ്മരണ മുൻനിർത്തി തെയ്യം കലയുടെ പരിപോഷണത്തിന് കഴിഞ്ഞ സർക്കാർ കാലത്ത് വിഭാവനം ചെയ്ത കൊടക്കാട് ഫോക് ലോർ വില്ലേജ് സംബന്ധിച്ച തുടർനടപടികൾ ഈ സർക്കാർ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ?

ഉത്തരം

നർത്തകരത്നം കണ്ണപെരുവണ്ണാന്റെ പേരിൽ ഫോക് ലോർ വില്ലേജ് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട ശിപാർശ ഈ സർക്കാരിന്റെ പരിഗണനയിലില്ല.

സാംസ്കാരിക മേഖലയുടെ വളർച്ച

77 (1451) ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. പി. എ. മാധവൻ :
ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് സാംസ്കാരിക മേഖലയിലെ വളർച്ചയ്ക്ക് എന്തെല്ലാം പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly